# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## മാർത്തോമ്മാ സുവിശേഷ സേവികാസംഘം പ്രസിഡന്റ്

### ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പായിൽ നിന്നും

സർക്കുലർ നമ്പർ : 02

കർത്താവിൽ പ്രീയരെ,

1919-ൽ സ്ഥാപിതമായ മാർത്തോമ്മാ സുവിശേഷ സേവികാസംഘം, ക്രിസ്തുവിലൂടെ വിളിക്കപ്പെട്ട ആളത്വത്തിന്റെ സമ്പൂർണ്ണതയെ കണ്ട് വിശ്വസിച്ച കൂട്ടമെന്ന ബോധ്യത്തിലും കർത്താവിന്റെ രക്ഷണ്യ പ്രവർത്തനത്തിലെ പങ്കാളികളെന്ന നിലയിലും, ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന നിയോഗങ്ങളെ ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കുവാൻ നാളിതുവരെ ഇടയായി.

സഭയിൽ പതിനെട്ടു വയസ്സും, അതിനു മുകളിലും പ്രായമുള്ള എല്ലാ സ്ത്രീകളും സേവികാസംഘാംഗങ്ങളാണ്. സുവിശേഷഘോഷണം, ആതുരശുശ്രൂഷ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, സാമൂഹ്യപ്രവർത്തനം, സാഹിത്യപ്രവർത്തനം, മുഖ്യധാരയിൽ നിന്നും മാറി നിൽക്കുന്ന സ്ത്രീകളുടെ ഉന്നമനം എന്നിവയെല്ലാം സ്ത്രീകളുടെ ബഹുമുഖ വളർച്ചയെ ലക്ഷ്യമാക്കിക്കൊണ്ട് സേവികാസംഘം പ്രവർത്തിക്കുന്ന വിവിധ മേഖലകളാണ്.

സേവികാസംഘത്തിന്റെ ശാഖാ, സെന്റർ, ഭദ്രാസന, കേന്ദ്ര പ്രവർത്തനങ്ങളെ, ശക്തിപ്പെടുത്തുവാനും, സഭയിലെ സ്ത്രീകളുടെ അദ്ധ്യാത്മികമായ ശാക്തീകരണത്തിനും, പ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കും, വേദപഠനത്തിനുമായി വർഷംതോറും സെപ്റ്റംബർ മാസം ഒരാഴ്ച സേവികാസംഘ വാരമായി വേർതിരിക്കുന്ന പതിവുണ്ടല്ലോ. ഈ വർഷം **സെപ്റ്റംബർ 5 മുതൽ 11 വരെയുള്ള ഒരാഴ്ച സേവികാസംഘവാരമായും, സെപ്റ്റംബർ 11-ാം തീയതി ഞായറാഴ്ച സേവികാസംഘദിനമായും** ആചരിക്കപ്പെടുന്നതാണ്. സേവികാസംഘവാരാചരണത്തിന്റെ മുന്നോടിയായി സംഘപ്രവർത്തനങ്ങളെ പരിചയപ്പെടുത്തുവാൻ ഡപ്യൂട്ടേഷൻ ക്രമീകരിക്കുന്നത് അഭിലഷണീയമാണ്. സംഘവാരത്തോടനുബന്ധിച്ച് സംഘാംഗങ്ങൾ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും സൗജന്യദാനം ശേഖരിക്കുകയും ചെയ്യണം. ഇപ്രകാരം ലഭിക്കുന്ന തുകകൾ മുഴുവനും യഥാസമയം കേന്ദ്ര ഓഫീസിൽ അടയ്ക്കേണ്ടതാണ്. ഈ വർഷം പ്രതീക്ഷിക്കുന്ന തുക 30 ലക്ഷം രൂപയാണ്. സംഘദിനത്തിൽ ആരാധനയ്ക്കും വചനശുശ്രൂഷയ്ക്കും, നേതൃത്വം നൽകുന്നതിനും, സേവികാസംഘ പ്രവർത്തനങ്ങളെപ്പറ്റി പ്രസ്താവന നടത്തുന്നതിനും സ്ത്രീകൾക്ക് അവസരം നൽകണം. **"സ്ത്രീകളുടെ ശുശ്രൂഷ : അനുസ്മരണയും ആവിഷ്കാരവും"** എന്നതാണ് സംഘവാരത്തിലെ ചിന്താവിഷയം. സേവികാസംഘദിനത്തിൽ ശേഖരിക്കുന്ന സ്തോത്രകാഴ്ച ഭദ്രാസന സേവികാസംഘത്തിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടി വേർതിരിച്ചിരിക്കുന്നതിനാൽ പ്രസ്തുത തുക പൂർണ്ണമായും അതത് ഭദ്രാസന ഓഫീസിൽ താമസംവിനാ അടയ്ക്കേണ്ടതാണ്. **സെപ്റ്റംബർ 24ന് സേവികാസംഘത്തിന്റെ വാർഷിക പൊതുയോഗം തിരുവല്ല സേവികാസംഘം പ്ലാറ്റിനം ജൂബിലി ഹാളിൽ** നടത്തപ്പെടുന്നതാണ്. പ്രതിനിധികൾ എല്ലാവരും യോഗത്തിൽ പ്രാർത്ഥനാപൂർവ്വം വന്ന് പങ്കെടുക്കണം.

പ്രീയരെ, സേവികാസംഘത്തിന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും പ്രാപ്തിപോലെ പ്രവർത്തനങ്ങൾക്കായി സംഭാവനകൾ നൽകുകയും ചെയ്ത് സംഘത്തിന്റെ ശുശ്രൂഷകളെ പരിപോഷിപ്പിക്കുമല്ലോ. സഭയുടെ വിവിധ ശുശ്രൂഷാ മേഖലകളിൽ പ്രവർത്തിക്കുവാൻ പ്രാപ്തരും സമർപ്പിതരുമായ പ്രവർത്തകർ സന്നദ്ധരായി വരണം. പൂർണ്ണ സമയം സുവിശേഷ വേലയ്ക്കായും, അങ്ങനെ സാധിക്കാത്ത നമ്മുടെ യുവതികൾ ഒരു ഹ്രസ്വകാലഘട്ടത്തിലേക്ക് ദൈവരാജ്യ ശുശ്രൂഷയിൽ പങ്കാളികളാകണമെന്നും സ്നേഹത്തോടെ ഉദ്ബോധിപ്പിക്കുന്നു.

സ്ത്രീ പുരുഷന്മാർ ഉൾപ്പെട്ട സമൂഹമായ സഭയിൽ പുരുഷന്മാരോടൊപ്പം, സഭയുടെ വൈവിധ്യമാർന്ന ദൗത്യമേഖലകളിൽ സ്ത്രീകൾ പങ്കാളികളാകുവാനും, നമ്മുടെ പൂർവ്വീകരുടെ വിശ്വാസസ്ഥിരതയും സാക്ഷ്യവും ഇന്നത്തെ തലമുറയിലേക്ക് പകരപ്പെടുവാനും ഈ വർഷത്തെ സേവികാസംഘവാര ദിനാചരണങ്ങളിലൂടെ സാദ്ധ്യമായിത്തീരട്ടെ.

കർത്താവ് യേശു മ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഇരിക്കട്ടെ,

**2016 ആഗസ്റ്റ് മാസം 01-ാം തീയതി സംഘം ഓഫീസിൽ നിന്നും**

Makarios

**റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ**